**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 297** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോബാട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ കോബാട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും തന്നെ നിലവിൽ പരിഗണനയിലില്ല. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള ടെലി കൊബാൾട്ട് റേഡിയേഷൻ മെഷീന്റെ Theratron 780 E പ്രവർത്തനസജ്ജമാക്കുന്നതിനു വേണ്ടി പഴയ റേഡിയോ ആക്റ്റീവ് കൊബാൾട്ട് സോഴ്സ് മാറ്റി പുതിയ കൊബാൾട്ട് സോഴ്സ് സ്ഥാപിക്കുന്നതിനു വേണ്ടി 24.5.2022 ലെ സർക്കാർ ഉത്തരവ് (സാധാ). 1178/2022/ആ.കു.വ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത മെഷീന് 24 വർഷത്തോളം കാലപഴക്കമുള്ളതിനാൽ പുതിയ സോഴ്സ് സ്ഥാപിച്ചാലും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന കാര്യത്തിൽ ഉറപ്പില്ലാത്തതിനാൽ മെഷീന്റെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി കോഴിക്കോട് റേഡിയോ തെറാപ്പി വിഭാഗം മേധാവി, അസോസിയേറ്റ് പ്രൊഫസർ & റേഡിയേഷൻ സേഫ്റ്റി ഓഫീസർ ഉൾപ്പെടെയുള്ളവരെ ചുമതലപ്പെടുത്തുകയും പരിശോധന റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ